**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി- പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ഉപരിപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ എസ്. എസ്. എൽ .സി ./പ്ലസ് ടു പരീക്ഷകളിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ച് കണക്കുകൾ വകുപ്പിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കണക്ക്പ്രകാരം എസ്.എസ്.എൽ.സി, പ്ലസ്-ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ യഥാക്രമം 40,679, 21,599, 1,768 പട്ടികജാതി വിദ്യാർത്ഥികൾ ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.<br><br>പ്ലസ്-ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ യഥാക്രമം 3002, 134 പട്ടികവർഗ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് വകുപ്പിന്റെ പക്കൽ ലഭ്യമല്ല. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 277 |
| 2 | കൊല്ലം | 100 |
| 3 | പത്തനംതിട്ട | 96 |
| 4 | ആലപ്പുഴ | 44 |
| 5 | കോട്ടയം | 251 |
| 6 | ഇടുക്കി | 611 |
| 7 | എറണാകുളം | 202 |
| 8 | തൃശ്ശൂർ | 158 |
| 9 | പാലക്കാട് | 781 |
| 10 | മലപ്പുറം | 287 |
| 11 | കോഴിക്കോട് | 180 |
| 12 | വയനാട് | 2604 |
| 13 | കണ്ണൂർ | 617 |
| | | |

| | | | |
|---|---|---|---|
| | | | <table><tr><td>14</td><td>കാസർഗോഡ്</td><td>1205</td></tr><tr><td colspan="2">**ആകെ**</td><td>**7413**</td></tr></table> |
| (ബി) | ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അതത് ജില്ലകളിൽ തന്നെ ഉപരിപഠനത്തിന് അവസരം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ പട്ടികവർഗ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലകം സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നതിനും, അലോട്ട്മെന്റ് വേളയിൽ പ്രവേശനം നേടുന്നതിന് ജില്ലാതല ഓഫീസുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷൻ പ്രയോജനപ്പെടുത്തി തുടർപഠന സാഹചര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പ്രവേശന നടപടികൾ പൂർത്തീകരിച്ചതിന് ശേഷവും അവസരം ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് സമാന്തര വിദ്യാഭ്യാസ സംവിധാനം വഴി പഠനം തുടരുന്നതിന് വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് വരുന്നു. |
| (സി) | പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷവും ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുന്ന ഇത്തരം വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തുടർപഠന സാഹചര്യം ഒരുക്കുമോ എന്ന് വിശദമാക്കുമോ; | (സി) | ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലകം സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നതിനും, അലോട്ട്മെന്റ് വേളയിൽ പ്രവേശനം നേടുന്നതിന് ജില്ലാതല ഓഫീസുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷൻ പ്രയോജനപ്പെടുത്തി തുടർപഠന സാഹചര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പ്രവേശന നടപടികൾ പൂർത്തീകരിച്ചതിന് ശേഷവും അവസരം ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് സമാന്തര വിദ്യാഭ്യാസ സംവിധാനം വഴി പഠനം തുടരുന്നതിന് വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് വരുന്നു. |
| (ഡി) | ഉപരിപഠനത്തിന് അർഹത നേടാതെ പോയ വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗവും പട്ടികജാതിപട്ടികവർഗ വിദ്യാർത്ഥികൾ ആണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടികളെ വിജയത്തിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉപരിപഠനത്തിന് അർഹത നേടാതെ പോയ വിദ്യാർത്ഥികളെ കണ്ടെത്തി സേ പരീക്ഷക്ക് സജ്ജരാക്കിയിട്ടുണ്ട്. തുടർന്നും അർഹത നേടാത്ത പട്ടികവിദ്യാർത്ഥികൾക്ക് അർഹത നേടുന്നതിനായി പ്രത്യേകം ട്യൂഷനും, സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരേ ക്ലാസിൽ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം, പരീക്ഷാ ഫീസ് എന്നിവ 3 തവണത്തേക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ